29. കേരളത്തിലെ പാരിസ്ഥിതിക സമരങ്ങളെപ്പറ്റി ചുരുക്കി വിവരിക്കുക.

30. വനസംസ്കാരവും പരിഷ്കാരവും തമ്മിലുള്ള സംഘർഷങ്ങളുടെ ആവിഷ്കാരമാണ് 'പംഗുരു പുഷ്പത്തിന്റെ തേൻ' എന്ന കഥ – സമർത്ഥിക്കുക.

31. 'ഏതു മണ്ണിലും വേരിറങ്ങും, ഏതു കാറ്റിലും ചിറകുവിടർത്തും' – 'ഫാത്തിമ' എന്ന കഥാപാത്രത്തെക്കുറിച്ചുള്ള ആസിഫിന്റെ അഭിപ്രായം വിശകലനം ചെയ്യുക.

**(6 × 4 = 24 Marks)**

IV. **മൂന്നൂറു** വാക്കിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. 'മണ്ണിനോടുള്ള അഭിനിവേശവും ഇടത്തരക്കാരന്റെ ജീവിതപരിസരങ്ങളും തമ്മിലുള്ള സംഘർഷമാണ് 'ഹരിതമോഹനം'എന്ന കഥ ആവിഷ്കരിക്കുന്നത്' – വിശകലനം ചെയ്യുക.

33. ഭൂമിയിലെ സർവ്വചരാചരങ്ങളുടെയും ഭാഷ ഒന്നുതന്നെയാണെന്ന് വ്യക്തമാക്കും വിധം സ്നേഹത്തിന്റെ ഭാഷയിലെഴുതപ്പെട്ട നോവലാണ് 'ജാനകി' – സമർത്ഥിക്കുക.

34. 'പാരിസ്ഥിതികപ്രശ്നങ്ങളും ജീവിതവും ഇഴചേർന്ന് ഒന്നാകുന്ന അനുഭവമാണ് മയിലമ്മ, പൊക്കുടൻ, ദയാബായി തുടങ്ങിയ പരിസ്ഥിതി പ്രവർത്തകർനേരിട്ടത്' – സ്വാഭിപ്രായം എഴുതുക.

35. 'കുട്ടികൾക്കും പരിസ്ഥിതി ജാഗ്രത്തായ ഒരു സംസ്കാരം സ്വരൂപിക്കാനാവുമെന്നതിന്റെ സൂചനയാണ് 'ഹെർബേറിയം' എന്ന നോവൽ മുന്നോട്ടു വെക്കുന്ന ആശയം' – സമർത്ഥിക്കുക.

**(2 × 15 = 30 Marks)**

---



**(Pages : 4)** **R – 3301**

**Reg. No. : ..............................**

**Name : ..................................**

**Second Semester B.A. Degree Examination, September 2023**

**Career Related First Degree Programme under CBCSS**

**Malayalam and Mass Communication**

**Core Course**

**MX 1241 : പരിസ്ഥിതി പഠനം**

**(2021 Admission onwards)**

Time : 3 Hours Max. Marks : 80

I. ഒറ്റ വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. 'കണ്ണാമന്റെ പോത്തുകൾ' – എഴുതിയത് ആരാണ്?

2. സമാധാനത്തിനുള്ള നോബൽ പുരസ്കാരം ലഭിച്ച സന്തോഷം വംഗാരി മാതാ ആഘോഷിച്ചതെങ്ങനെ?

3. പശ്ചിമഘട്ട രക്ഷായാത്രയുടെ മുദ്രാവാക്യം എന്തായിരുന്നു?

4. "അറിയാതെ ജനനിയെപ്പരിണയിച്ചൊരു
 യവനതരുണന്റെ കഥയെത്ര പഴകി!.." – സൂചിതകഥാനായകൻ ആര്?

5. 'നിശ്ശബ്ദവസന്തം' – ആരുടെ കൃതിയാണ്?

6. ആഫ്രിക്കൻ യൂണിയൻ ഇക്കണോമിക് സോഷ്യൽ ആന്റ് കൾച്ചറൽ കൗൺസിലിന്റെ അധ്യക്ഷ ആരാണ്?



St. Xavier's College

7. 'ജീവന്റെ കൈയൊപ്പ്' – എഴുതിയത് ആരാണ്?

8. 'ആരണ്യക്' എന്ന നോവൽ രചിച്ചത് ആരാണ്?

9. "മറ്റേതോ ഗ്രഹങ്ങളിൽ
ജീവനെത്തിരയുന്നു" – തിരയുന്നതാര്?

10. 'തോരാമഴ' – ആരുടെ കവിതയാണ്?

**(10 × 1 = 10 Marks)**

II. **അമ്പതു** വാക്കിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. ചിപ്കോ പ്രസ്ഥാനം – കുറിപ്പെഴുതുക.

12. 'അലൂമിനിയപാത്രങ്ങളിൽ ഉറുമ്പുകൾ മേടകളുയർത്തി. ഉറുമ്പിൻ കൊട്ടാരം ആകാശവെളിച്ചത്തിനു നേർക്കുയരുന്നു'– സൂചിതമെന്ത്?

13. പ്രകൃതിപഠനക്യാമ്പുകളും സന്ദർശനങ്ങളും ഏതു തരത്തിലുള്ളതാവണം എന്നാണ് ലേഖകന്റെ അഭിപ്രായം?

14. 'ഞങ്ങൾ അസ്വസ്ഥരായിത്തന്നെ തുടരുന്നു. വിശ്രമിക്കാൻ ഞങ്ങൾക്ക് നേരമില്ല' – ആർക്ക്? എന്തുകൊണ്ട്?

15. 'യുദ്ധഭൂമിയിൽ ആദ്യമായി പ്രവേശിക്കുന്നവന് ചോരയുടെ ഗന്ധമേൽപ്പിക്കുന്ന ആഘാതം പോലൊന്ന്' – സന്ദർഭം, ആശയം എന്നിവ വ്യക്തമാക്കുക.

16. 'മരുപ്പറമ്പായ ഉപരിതലങ്ങളുമായി വ്യഥാ കറങ്ങിക്കൊണ്ടിരിക്കുന്ന ഒരുപാട് ഗോളങ്ങളിൽ ഒന്നായി ഭൂമിയും മാറും' – സന്ദർഭം, ആശയം എന്നിവ വ്യക്തമാക്കുക.

17. 'തേടിയ സത്യം മിഥ്യ, തേടലേ സത്യം,
വൈക്കോൽക്കോലങ്ങൾ പോലെ
'നിത്യ സത്യ'ങ്ങൾ ദഹിക്കുമ്പോൾ' – വിവക്ഷിതമെന്ത്?

18. ജീവ മണ്ഡലം എന്നാലെന്ത്? വിശദീകരിക്കുക.



19. 'അകലെ നിന്നും അടുത്തുനിന്നും പറന്നുവന്ന ആയിരം കണ്ണുകൾ അവരെ പൊതിഞ്ഞു, തേനട പൊതിയുന്ന ഈച്ചകളെപ്പോലെ'– കഥാസന്ദർഭം ഏത്? വ്യക്തമാക്കുക.

20. 'ആടിത്തിമിർക്കും തിമിർപ്പുകളിലെങ്ങെങ്ങു -
മാർത്തലയ്ക്കുന്നു മൃതിതാളം ! ' – ഭൂമിയുടെ ദൈന്യതയെ കവി വിവരിക്കുന്നതെങ്ങനെ?

21. "എല്ലാവരും മണ്ണും പൊടിയും അടിച്ചുവാരി പുറത്തു കളയുമ്പോൾ താനെന്തിനാ മണ്ണ് വലിച്ച് അകത്തേക്ക് കൊണ്ടുവരുന്നത്"? – മണ്ണിനോടും ചെടികളോടുമുള്ള കഥാനായകന്റെ മനോഭാവം വ്യക്തമാക്കുക.

22. 'എലികളിരുട്ടിന്മേൽ
കയറിമറിഞ്ഞില്ല
ജാലകത്തിന്മേൽ പൂച്ച-
ക്കണ്ണുകൾ തിളങ്ങീല' – സന്ദർഭവും, ആശയവും വ്യക്തമാക്കുക.

**(8 × 2 = 16 Marks)**

III. **നൂറു** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. 'കേരളത്തിലെ പരിസ്ഥിതിവാദങ്ങളിൽ ഒരു വക സവർണ സങ്കല്പവും സൗന്ദര്യശാസ്ത്രവുമാണ് ഉൾച്ചേർന്നിരിക്കുന്നത്' – കഥാനായികയുടെ അഭിപ്രായം വിശദീകരിക്കുക.

24. ആദിവാസികളെ നഗരവാസികളാക്കി മാറ്റുന്നതിനെക്കുറിച്ചുള്ള ലേഖകന്റെ അഭിപ്രായം സംഗ്രഹിക്കുക.

25. "അവരേ വന്നെത്തുന്നു കീശതൻ കിലുക്കത്തിൽ
നിളയെത്തളയ്ക്കുവാൻ, പെരിയാർ ലേലംകൊള്ളാൻ" – വികസനം പാരിസ്ഥിതിക നാശത്തിലേക്ക് ചെന്നെത്തുന്നതിന്റെ സൂചനകൾ 'വിലങ്ങനിൽ' എന്ന കവിത പങ്കുവയ്ക്കുന്നുണ്ടോ? സ്വാഭിപ്രായം എഴുതുക.

26. 'ആകാശംമുട്ടെ ഉയർന്നാലും നമ്മെ താങ്ങുന്നത് മണ്ണും മണ്ണിന്റെ മണമുള്ള മനുഷ്യരുമാണ്'– വംഗാരി മാതായുടെ പ്രസ്താവനയെ മുൻനിർത്തി മണ്ണിനെയും പ്രകൃതിയെയും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുക.

27. ഒറ്റവൈക്കോൽ വിപ്ലവം - എന്ന പുസ്തകത്തിന്റെ പ്രാധാന്യമെന്ത്?

28. 'വെച്ചുപിടിപ്പിക്കുകയും വെട്ടിമാറ്റുകയും ചെയ്യുന്ന വനവത്കരണത്തെപ്പറ്റി' എൻ. എ. നസീർ പങ്കുവയ്ക്കുന്ന അനുഭവങ്ങൾ ചുരുക്കിയെഴുതുക.



St. Xavier's College